# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 232** | **03/02/2020-ൽ മറുപടിയ്ക്ക്**

## പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** സംസ്ഥാനം ആരോഗ്യ സൂചികയിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുന്നിലാണെന്ന് അവകാശപ്പെടുമ്പോഴും എലിപ്പനി, ഡെങ്കിപ്പനി, എച്ച്1 എൻ1 എന്നിവ ബാധിക്കുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് വസ്തുതയാണോ;

**എ)** 2017-ൽ ഡെങ്കിപ്പനി, എച്ച്1എൻ1 തുടങ്ങിയ പകർച്ചവ്യാധികളും അവമൂലമുള്ള മരണങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചതിനെ തുടർന്ന് സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ "ആരോഗ്യജാഗ്രത" കർമ്മ പരിപാടിയുടെ ഫലമായി 2018-ൽ വൈറൽ പനി, ഡെങ്കിപ്പനി, എച്ച്1എൻ1 എന്നിവയും അവമൂലമുള്ള മരണങ്ങളും കാര്യമായി കുറയ്ക്കുവാൻ സാധിച്ചു. എന്നാൽ 2018-ൽ കേരളത്തെയാകെ നടുക്കിയ വെള്ളപ്പൊക്ക ദുരന്തം മൂലം എലിപ്പനി പോലുള്ള പകർച്ചവ്യാധികൾ വൻതോതിൽ വർദ്ധിക്കാനുള്ള സാധ്യതയുണ്ടായി. ആരോഗ്യവകുപ്പ് നടത്തിയ പ്രതിരോധ നടപടികളിലൂടെ മരണസംഖ്യ ക്രമാതീതമായി വർദ്ധിക്കുന്നത് തടയാൻ കഴിഞ്ഞു. വെള്ളപ്പൊക്കാനന്തരം ജലജന്യ/ കൊതുക ജന്യരോഗങ്ങളിൽ സാധാരണ ഉണ്ടാകാറുള്ള വർദ്ധനവ് ഉണ്ടാകാതെ നിയന്ത്രിച്ചു നിർത്താനായി.

2019-ൽ വൈറൽ പനി, എലിപ്പനി മരണം, ഡെങ്കിപ്പനി മരണം, എച്ച്1എൻ1 മരണം, തുടങ്ങിയവ കുറയ്ക്കുവാൻ സാധിച്ചു. 2019-ലും നമുക്ക് വെള്ളപ്പൊക്ക ദുരന്തത്തെ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും 2017-നെ അപേക്ഷിച്ച് പല പകർച്ചവ്യാധികളും അതുമൂലമുള്ള മരണങ്ങളും 2018-ലും 2019-ലും കുറയ്ക്കുവാൻ സാധിച്ചു.

**ബി)** 2019 ൽ എത്രപേരെ പ്രസ്തുത രോഗങ്ങൾ ബാധിച്ചുവെന്നും അതിലെത്ര പേർ മരണപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

**ബി)** 2019 ൽ എലിപ്പനി, ഡെങ്കിപ്പനി, എച്ച്1എൻ1 എന്നീ രോഗങ്ങൾ ബാധിച്ചവരുടെയും മരണപ്പെട്ടവരുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| രോഗത്തിന്റെ പേര് | രോഗം ബാധിച്ചവരുടെ എണ്ണം | മരണപ്പെട്ടവരുടെ എണ്ണം |
|---|---|---|
| എലിപ്പനി | 1211 | 57 |

| | | |
|---|---|---|
| ഡെങ്കിപ്പനി | 4651 | 14 |
| എച്ച്1 എൻ1 | 353 | 45 |
| **ആകെ** | **6715** | **116** |

**സി)** ആരോഗ്യ ജാഗ്രത' എന്ന പേരിലുള്ള പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ?

**സി)** സംസ്ഥാനതലത്തിലും ജില്ലാതലത്തിലും താഴെത്തട്ടിലും ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിൽ നിപാ രോഗബാധ, വെള്ളപ്പൊക്ക ദുരന്തം, സൂര്യതാപം തുടങ്ങിയ പ്രശ്നങ്ങൾ സംസ്ഥാനത്തെ ആരോഗ്യ രംഗത്തിന് ഭീഷണി ഉയർത്തിയ സാഹചര്യത്തിലും 2017-നെ അപേക്ഷിച്ച് പകർച്ചവ്യാധികളും പകർച്ചവ്യാധി മരണങ്ങളും വളരെയധികം നിയന്ത്രിച്ചു നിർത്താനായത് എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ആരോഗ്യജാഗ്രത കർമ്മ പരിപാടി ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചതുകൊണ്ടാണ്.

സെക്ഷൻ ഓഫീസർ